ആദ്യം ഒരാഴ്ചയ്ക്കുള്ളിൽ റിസൽറ്റ് വരുമായിരുന്നു. അത് പിന്നീട് ഒരു നമ്പറെടുത്താൽ റിസൽറ്റ് രണ്ട് ദിവസത്തിനകമറിയാൻ സാധിക്കുമായിരുന്നു. പിന്നീട് ഒരു മണിക്കൂർ കഴിഞ്ഞാൽ റിസൽറ്റ് വരുമായിരുന്നു. ഇപ്പോൾ ഏറ്റവും ഒടുവിലായി ഒരു നമ്പറെടുത്താൽ അര മണിക്കൂറിനുള്ളിൽ റിസൽറ്റ് അറിയുന്നുണ്ട്. അങ്ങനെ ഇതെടുക്കുന്നത് ഒരു സ്ഥിരം പരിപാടിയായി മാറിക്കൊണ്ടിരിക്കുകയും ആളുകൾ ഒരു ജോലിക്കും പോകാതെ അലസരായി മാറിക്കൊണ്ടിരിക്കുകയുമാണ്. ഈ അപകടകരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് പഠിച്ച് നടപടിയെടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഞാൻ മറുപടി എന്താ പറയുക!

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, നമ്മുടെ സംസ്ഥാനത്തു നിന്നുള്ള ലോട്ടറി അന്യസംസ്ഥാനങ്ങളിലേയ്ക്ക് എത്ര വിൽപ്പന നടത്തുന്നുവെന്നും അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ലോട്ടറി നമ്മുടെ സംസ്ഥാനത്ത് എത്ര വിൽപ്പന നടത്തുന്നുണ്ടെന്നുമുള്ള കണക്ക് വ്യക്തമാക്കാമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, അതിന് പ്രത്യേക നോട്ടീസ് വേണം.

കേന്ദ്രസർക്കാർ ആവിഷ്കരിച്ച ഇടക്കാല സാമ്പത്തിക പരിഷ്കാരങ്ങൾ

2 (*212) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ഡോ. തോമസ് ഐസക് :
ശ്രീ. സാജു പോൾ :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഇടക്കാല സാമ്പത്തിക പരിഷ്കാരങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കിത്തുടങ്ങിയത് എന്നുമുതലാണ് ;

(ബി) പ്രസ്തുത പരിഷ്ക്കാരങ്ങൾ ഏതെല്ലാം മേഖലകളിലാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സാമ്പത്തികരംഗത്ത് നിയന്ത്രണങ്ങൾ നടപ്പാക്കുന്നതു സംബന്ധിച്ച് കേന്ദ്രം എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനായി സർക്കാർ ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ ;

(എഫ്) കേന്ദ്രനിർദ്ദേശം നടപ്പാക്കുന്നതിന് കേന്ദ്രത്തിൽനിന്നും പ്രത്യേക സഹായം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനകം ലഭിച്ച ധനസഹായത്തിന്റെ വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ,

(എ) കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച ഇടക്കാല സാമ്പത്തിക പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിയിട്ടില്ല. എന്നാൽ 11-ാം ധനകാര്യ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ മറ്റു സർക്കാരുകളെപ്പോലെ കേരള സർക്കാരും അതിന്റേതായ ഇടക്കാല സാമ്പത്തിക പരിഷ്ക്കാരങ്ങൾ നടപ്പിലാക്കി വരുന്നു.

(ബി) കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച ഇടക്കാല സാമ്പത്തിക പരിഷ്ക്കാരങ്ങൾ സംസ്ഥാനത്തിന്റെ ഒരു മേഖലയിലും നടപ്പിലാക്കുന്നില്ല. എന്നാൽ സാമ്പത്തികം, ഊർജ്ജം, പൊതുമേഖല, ബഡ്ജറ്റ് എന്നീ മേഖലകളിലാണ് കേരള സർക്കാരിന്റേതായ ഇടക്കാല സാമ്പത്തിക പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല

(ഇ) ഉദിക്കുന്നില്ല

(എഫ്) കേന്ദ്ര നിർദ്ദേശം നടപ്പാക്കുന്നതിന് കേന്ദ്രത്തിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ ഇടക്കാല സാമ്പത്തിക പരിഷ്ക്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2001-02-ൽ 23.52 കോടി രൂപയും 2002-03-ൽ 40.92 കോടി രൂപയും കേന്ദ്രത്തിന്റെ പ്രോൽസാഹന നിധിയിൽ നിന്നും ലഭിച്ചിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, സാമ്പത്തിക പരിഷ്ക്കരണ നടപടികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ മേഖലകളിൽ യൂസേഴ്സ് ചാർജ്, ചുമത്താൻ പോകുന്നു. കുടിവെള്ളത്തിന് എല്ലാ വീട്ടുകാരും നികുതി കൊടുക്കണമെന്നും ആരോഗ്യ നികുതി എന്ന സംപ്രദായവും വരാൻ പോകുന്നുവെന്ന് മാതൃഭൂമി പത്രത്തിൽ വിശദമായ ഒരു ലേഖനം വന്നുകഴിഞ്ഞു. അതിൽ വല്ല വസ്തുതയുമുണ്ടോ ; എപ്പോൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, എം.ടി.എഫ്.ആർ.പി. (Medium Term Fiscal Reforms Programme) എന്നു പറയുന്നത് ഇൻഡ്യാ ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുമായി ദീർഘകാലാടിസ്ഥാനത്തിൽ പതിനൊന്നാം ധനകാര്യ കമ്മീഷൻ നിർദ്ദേശ പ്രകാരമുള്ള ഒരു അണ്ടർസ്റ്റാന്റിംഗാണ്. സ്റ്റേറ്റ് ഫിസ്ക്കൽ റിഫോംസ് ഫെസിലിറ്റിയെപ്പറ്റി 2000-2001-ലാണ് ആദ്യമായിട്ട് ഇൻഡ്യാ ഗവൺമെന്റുമായിട്ടുള്ള ചർച്ച വരുന്നത്. 2001-2002-വരെയാണ് പതിനൊന്നാം ധനകാര്യ കമ്മീഷന്റെ കാലാവധി. ഫിസ്ക്കൽ റിഫോംസ് എന്തൊക്കെ വേണമെന്നുള്ളത് ഇൻഡ്യാ ഗവൺമെന്റ് പറഞ്ഞിരുന്നു. ഏതെല്ലാം ഏരിയകളിൽ റിഫോംസ് വേണമെന്നും പറഞ്ഞിരുന്നു. ഏതെല്ലാം ഏരിയകളിൽ റിഫോംസ് വേണമെന്നുള്ളത് ഇൻഡ്യാ ഗവൺമെന്റ് പതിനൊന്നാം ധനകാര്യ കമ്മീഷൻ റിപ്പോർട്ടുമായി ബന്ധപ്പെട്ടു ആവശ്യപ്പെട്ടപ്പോൾ സംസ്ഥാന ഗവൺമെന്റ് നമുക്ക് ഏതു പരിധിവരെപ്പോകാം എന്നുള്ളതിനെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ആലോചിച്ചു, ഏതെല്ലാം ഏരിയകളിൽ ഇത് നടപ്പാക്കാൻ സാധിക്കും ഏതെല്ലാം നമുക്ക് അക്സപ്റ്റ് ചെയ്യാൻ സാധിക്കും, ഏതെല്ലാം നമുക്ക് അക്സപ്റ്റ് ചെയ്യാൻ സാധിക്കില്ല, സംസ്ഥാനത്തിന് ഗുണകരമായിട്ടുള്ളത് ഏതൊക്കെയാണ്, സംസ്ഥാന ഗവൺമെന്റിന് അംഗീകരിക്കാൻപറ്റാത്തതേതൊക്കെയാണ് തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ലെറ്റർ ഓഫ് എക്സ്ചേഞ്ച് ജൂൺ രണ്ടാം തീയതി നടത്തി. ആദ്യം ഈ കാര്യത്തെക്കുറിച്ച് ഒരു നടപടി സ്വീകരിച്ചത് 14-2-2001-ലാണ്. അതിനുശേഷമാണ് ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. സംസ്ഥാന ഗവൺമെന്റും ഇൻഡ്യാ ഗവൺമെന്റുമായി ഇതിന്റെ ചർച്ചയും നടത്തി. ഏതായാലും പതിനൊന്നാം ധനകാര്യ കമ്മീഷനിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ ഒരു സമാപ്തിയും വന്നിട്ടില്ല. നമുക്ക് അംഗീകരിക്കാൻ പറ്റുന്നതേ അംഗീകരിക്കുകയുള്ളു. ഇതിൽ ഒരു അവസാന തീരുമാനമെടുത്തിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഈ പരിഷ്ക്കരണത്തിന്റെ ഭാഗമായി ഊർജ്ജ മേഖലയിൽ പരിഷ്ക്കരണം ഉദ്ദേശിക്കുന്നുണ്ടെന്ന് ഇവിടെ വ്യക്തമാക്കിയിട്ടുണ്ട്. ഊർജ്ജ മേഖലയിൽ വരുന്ന പരിഷ്ക്കരണത്തിന്റെ ഭാഗമായിട്ടാണോ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. പരിഷ്ക്കരണത്തിന്റെ പ്രധാനമായിട്ടുള്ള കേന്ദ്ര ബിന്ദു ചെലവ് ചുരുക്കുകയെന്നുള്ളതാണ്. ഇലക്ട്രിസിറ്റി റെഗുലേറ്ററി അതോറിറ്റി വന്നതോടുകൂടി അതിലെ ചെയർമാൻ 26,000 രൂപയും മെമ്പർമാർ 24,500 രൂപ വീതവും ശമ്പളവും ; എല്ലാംകൂടി ഒരുകോടി രൂപ അതിനുതന്നെ വേണം. ഇലക്ട്രിസിറ്റി റെഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണത്തോടുകൂടി സാമ്പത്തിക ബാദ്ധ്യത കൂടി ഉപഭോക്താവിന്റെ തലയിൽ കെട്ടിവയ്ക്കുന്ന തരത്തിൽ ഇലക്ട്രിസിറ്റി ചാർജ് കൂട്ടാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഫിസ്ക്കൽ റിഫോംസ് പറഞ്ഞ I ക്ക് കീ Power sector reforms, processing indicators, fiscal transparency and budgetary reforms, guarantees ഇങ്ങനെയുള്ള നാലഞ്ച് കാര്യങ്ങൾ വരുന്നുണ്ട്. ബഹുമാനപ്പെട്ട മെംപർ സൂചിപ്പിച്ചത് റെഗുലേറ്ററി കമ്മീഷൻ വന്നതുകൊണ്ട് ചാർജ് കൂട്ടുമോ എന്നുള്ളതാണ്. ചാർജ് വേണമെങ്കിൽ കൂട്ടാം കൂട്ടാതിരിക്കണമെങ്കിൽ കൂട്ടാതിരിക്കുകയും ചെയ്യാം. എന്നാൽ സംസ്ഥാന ഗവൺമെന്റ് ഇപ്പോൾ ചാർജ് കൂട്ടണ്ട എന്നാണ് തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. എം. വി. ജയരാജൻ : സർ, കേന്ദ്രം ആവിഷ്ക്കരിച്ച ഇടക്കാല സാമ്പത്തിക പരിഷ്ക്കരണ പദ്ധതിയല്ല സംസ്ഥാനത്ത് നടപ്പിലാക്കുന്നതെന്നും സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച ഇടക്കാല സാമ്പത്തിക ആവിഷ്ക്കരണ പരിപാടിയുമായിട്ടാണ് മുന്നോട്ടു പോകുന്നതെന്നും (ബി) ചോദ്യത്തിന് മറുപടിയായി അങ്ങ് പറയുകയുണ്ടായി. അത് ശരിയാണ്. കേന്ദ്രം ആവിഷ്ക്കരിച്ച സാമ്പത്തിക പരിഷ്ക്കരണ പദ്ധതിയെപ്പറ്റി 17-10-2001-ന് ഇതേ നിയമസഭയിൽ 59-ാം നമ്പർ ചോദ്യത്തിന് മറുപടിയായി 4 ഇനമായി രേഖപ്പെടുത്തിയത് പുതിയ തസ്തിക സൃഷ്ടിക്കുന്നതിൽ നിരോധനം എന്നാണ്. പുതിയ തസ്തിക സൃഷ്ടിക്കുന്നതിൽ നിരോധനം മാത്രമല്ല സംസ്ഥാന സർക്കാർ സാമ്പത്തിക പരിഷ്ക്കരണ പരിപാടിയിൽ നടപ്പിലാക്കുന്നത് നിലവിൽ 80,000 തസ്തിക

LIBRARY ARCHIVES Kerala Legislative Assembly

വെട്ടിക്കുറയ്ക്കുകയും ഫലത്തിൽ നിയമന നിരോധനം നടപ്പിലാക്കുകയുമാണ്. കേന്ദ്ര സാമ്പത്തിക പരിഷ്ക്കരണത്തെക്കാൾ പിന്തിരിപ്പനായ ഒരു നയം സംസ്ഥാന ഗവൺമെന്റ് ഇടക്കാല സാമ്പത്തിക പരിഷ്ക്കരണത്തിൽ കേരളത്തിലെ 50 ലക്ഷത്തോളം വരുന്ന തൊഴിൽരഹിത യുവസമൂഹത്തെ പ്രതികൂലമായി ബാധിക്കുന്ന നിയമന നിരോധനം എന്തുകൊണ്ട് നടപ്പിലാക്കി ; അത് പിൻവലിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ ?

ശ്രീ.കെ. ശങ്കരനാരായണൻ : സർ, ഫിസ്കൽ റിഫോംസിന്റെ പാർട്ടായി പറഞ്ഞിട്ടുള്ള ഒരു കാര്യത്തെക്കുറിച്ചുള്ള ഒരു ഉപചോദ്യമാണ് ചോദിച്ചത്. റിഫോംസ് വരുന്ന കൂട്ടത്തിൽ ഞാൻ നേരത്തേ നാലഞ്ച് കാര്യങ്ങൾ പ്രധാനമായിട്ട് പറഞ്ഞിട്ടുണ്ട്. അതിൽ ചെലവ് ചുരുക്കൽ കാര്യങ്ങൾ പറഞ്ഞതിന്റെ ഒരു ഭാഗമായിട്ടാണ് തസ്തിക ചുരുക്കിക്കൊണ്ടുവരണമെന്ന് പറഞ്ഞിട്ടുള്ളത്. അങ്ങനെ തസ്തിക ചുരുക്കിക്കൊണ്ടുവന്നിട്ടില്ല. ചില ഏരിയകളിൽ വന്നിട്ടുണ്ടെങ്കിൽ പോലും പുതിയ നിയമനവും ഈ കാലഘട്ടത്തിനുള്ളിൽ നടത്തി.

ശ്രീ. എം. വി. ജയരാജൻ : സർ, നമ്മുടെ സംസ്ഥാനത്തെ ഏറെ പ്രതികൂലമായി ബാധിച്ചിട്ടുള്ള ഒന്നാണ് പതിനൊന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശ. അതിൽ 3644 കോടി രൂപയുടെ നഷ്ടം നമ്മുടെ സംസ്ഥാനത്തിന് ഉണ്ടായിരിക്കുകയാണ്. ഈ നഷ്ടം നികത്തുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിൽ ഗവൺമെന്റ് വല്ല സമ്മർദ്ദവും ചെലുത്തിയിട്ടുണ്ടോ ; ഈ നഷ്ടം നികത്തിക്കിട്ടുന്നതിനു വേണ്ടിയുള്ള വല്ല നടപടിയും ഈ സാമ്പത്തിക പരിഷ്ക്കരണ പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്ക്കരിക്കുന്നുണ്ടോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഇങ്ങനെ 3600 കോടി ഉറുപ്പിക നഷ്ടം വന്നതായിട്ട് കാണുന്നില്ല. 11-ാം ധനകാര്യ കമ്മിഷന്റെ രണ്ടു വർഷമേ കഴിഞ്ഞിട്ടുള്ളൂ. ഇനി മൂന്നു വർഷംകൂടി ബാക്കി നിൽക്കുകയാണ്. 2006 വരെയുണ്ട്. ഇൻഡ്യാ ഗവൺമെന്റ് പറഞ്ഞിട്ടുള്ള മുഴുവൻ റിഫോംസും സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല. കേരളാ ഗവൺമെന്റും വെസ്റ്റ് ബംഗാൾ ഗവൺമെന്റും എം.ഒ.യു. ഒപ്പിട്ടില്ല. മുഖ്യമന്ത്രി എം.ഒ.യു. ഒപ്പിടാതെ ഒരു ലെറ്റർ ഓഫ് എക്സ്ചേഞ്ച് ആണ് നടത്തിയിട്ടുള്ളത്. അതിൽ വൈറ്റ് പേപ്പറിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ നമുക്ക് അംഗീകരിക്കാവുന്ന കാര്യങ്ങൾ മാത്രമേ പരാമർശിച്ചിട്ടുള്ളൂ.

ശ്രീ. സാജു പോൾ : സർ, ഈ സാമ്പത്തിക പരിഷ്ക്കരണങ്ങളുടെ ഭാഗമായി കാർഷിക ഉല്പന്നങ്ങളുടെ താങ്ങുവില സംബന്ധിച്ച് സംഭരണ നയത്തിൽ പുനരവലോകനം നടത്തുന്നുണ്ടോ ; എങ്കിൽ കേരളത്തിലെ കാർഷിക ഉല്പന്നങ്ങളുടെ കാര്യത്തിൽ ഇത് എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, മൂന്നു നാലു കാര്യങ്ങൾക്കാണ് പ്രധാനമായും ഊന്നൽ കൊടുത്തിട്ടുള്ളത്. റിഫോംസ് വരുമ്പോൾ തീർച്ചയായും കാർഷിക മേഖലയും അതിനുള്ളിൽ വരും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജു പോൾ : സർ, ഇവിടെ സാമ്പത്തികം, ഊർജ്ജം, പൊതുമേഖല, ബഡ്ജറ്റ് ഇങ്ങനെ നാല് മേഖലകളിൽ ഈ പരിഷ്ക്കരണം നടപ്പിലാക്കാനാണ് നിർദ്ദേശം ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുകയുണ്ടായി. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പൊതുജനാരോഗ്യ രംഗത്തും പൊതു വിദ്യാഭ്യാസ രംഗത്തും വമ്പിച്ച പുരോഗതി കൈവരിക്കാൻ ആവശ്യമായ നിരവധി പ്രവർത്തനങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് വരുംനാളുകളിലുണ്ടാകുമെന്ന് പ്രഖ്യാപിക്കുകയും എന്നാൽ അതെല്ലാം പരിമിതപ്പെടുത്തുന്ന രീതിയിലായിരിക്കുമെന്ന് മറുപടി പറയുകയും ചെയ്തിരിക്കുകയാണ്. ഈ പൊരുത്തപ്പെടാത്ത വൈരുദ്ധ്യം നിറഞ്ഞ അവസ്ഥയെ എങ്ങനെ അതിജീവിക്കുമെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, 11-ാം ധനകാര്യ കമ്മിഷൻ പറയുന്നത് അതിന്റെ ചില ഭാഗങ്ങളാണ്. ഗവൺമെന്റിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങളിൽ ഒന്നും കർബ് ചെയ്യാൻവേണ്ടി തീരുമാനിച്ചിട്ടില്ല.

ശ്രീ. പി. ജയരാജൻ : സർ, കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ച അടിസ്ഥാന സാമ്പത്തിക പരിഷ്ക്കരണം കേരളത്തിൽ നടപ്പിലാക്കുന്നില്ല, കേരളത്തിന്റെ ഇടക്കാല സാമ്പത്തിക പരിഷ്ക്കരണം വേറെ തന്നെയാണ് എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടിയായി പറഞ്ഞിട്ടുള്ളത്. പൊതുമേഖലയെ സംബന്ധിച്ച് ഈ നിയമസഭയിൽത്തന്നെ കേന്ദ്ര ഗവൺമെന്റിന്റെ ഇടക്കാല സാമ്പത്തിക പരിഷ്കരണവുമായി ബന്ധപ്പെട്ട് ഇന്നയിന്ന കാര്യങ്ങൾ ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. അതിലൊന്ന് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ഓരോന്നിലും സമഗ്രമായ സ്വയം പിരിഞ്ഞുപോകൽ പദ്ധതി ഏർപ്പാടാക്കുക എന്നുള്ളതാണ്. നിക്ഷേപത്തിന്റെ രംഗത്ത് സ്വകാര്യ പങ്കാളിത്തം ഉണ്ടാകാൻ പോകുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ധവളപത്രം പുറപ്പെടുവിച്ച് പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്കുവേണ്ടി ആർ.സി. ചൗധരി കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ചൗധരി കമ്മിറ്റിയുടെ ശുപാർശ മന്ത്രിസഭ അംഗീകരിച്ചിട്ടുണ്ട്. അത് കേന്ദ്ര സാമ്പത്തിക പരിഷ്ക്കരണവുമായി ബന്ധപ്പെട്ടതല്ലേ ; അതു തമ്മിൽ എന്താണ് വ്യത്യാസം ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, വി.ആർ.എസ്. എന്നു പറയുന്നതും ഡിസ്ഇൻവെസ്റ്റ്മെന്റ് എന്നുപറയുന്നതുമൊക്കെ കേന്ദ്ര മേഖലയിൽ നിലനിൽക്കുന്നതും എല്ലാ സംസ്ഥാനങ്ങളും നടപ്പിലാക്കുന്നതുമാണ്. അത് ഇന്ന് നടപ്പിലാക്കുന്നതല്ല. ഇന്നലെ മുതൽക്ക് നടപ്പിലാക്കിത്തുടങ്ങിയതാണ്. ഏതെല്ലാം സംസ്ഥാനങ്ങൾ നടപ്പിലാക്കി എന്നുള്ളതിന്റെ ലിസ്റ്റ് എന്റെ കയ്യിലുണ്ട്. ഫിസ്കൽ റിഫോംസിനെക്കുറിച്ച് കർണ്ണാടകത്തിന്റെ ലെറ്റർ ഓഫ് ഇന്റ്ൻഡ് എന്റെ കയ്യിലുണ്ട്. വെസ്റ്റ് ബംഗാളിന്റേതുണ്ട്. മറ്റ് പല സംസ്ഥാനങ്ങളുടെയുമുണ്ട്. ഇത് പൊതുവേയുള്ള കാര്യമല്ല.

ശ്രീ. പി. ജയരാജൻ : സർ, ചൗധരി കമ്മിറ്റിയുടെ ശുപാർശ സംബന്ധിച്ചാണ് എന്റെ ചോദ്യം. ബഹുമാനപ്പെട്ട മന്ത്രി അതിനല്ല മറുപടി പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ചൗധരി കമ്മിറ്റിയുടെ റിപ്പോർട്ട് വന്നതിനുശേഷം അത് ഗവൺമെന്റ് പരിശോധിക്കുന്നതാണ്. അത് അവസാന വാക്കല്ല. ഗവൺമെന്റാണ് തീരുമാനിക്കേണ്ടത്.

ശ്രീ.പി. ജയരാജൻ : സർ, ഇടക്കാല സാമ്പത്തിക പരിഷ്ക്കരണത്തിന്റെ ഒരു ഏരിയ എന്നു പറയുന്നത് ബഡ്ജറ്റ് പരിഷ്ക്കരണമാണ്. അതിന്റെ ഭാഗമായിട്ട് ചെലവു ചുരുക്കാൻവേണ്ടി കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ഇപ്പോൾ ജീവനക്കാരുടെ ശമ്പളം, പെൻഷൻ തുടങ്ങിയുള്ള ആനുകൂല്യങ്ങൾക്കു മേലെ ആക്രമണം നടത്തിക്കൊണ്ടിരിക്കുകയാണ്. എം.എൽ.എ.മാരുടെ ശമ്പളവും പെൻഷനും വർദ്ധിപ്പിക്കരുത്, ചുരുക്കണമെന്ന് നിർദ്ദേശം നൽകിയ സാമ്പത്തിക വിദഗ്ദ്ധൻതന്നെ ഇന്നലെ വന്ന് ഉപദേശം നൽകിയിരിക്കുകയാണ്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ ഇടക്കാല സാമ്പത്തിക പരിഷ്കരണ നിർദ്ദേശങ്ങളിൽപ്പെടുന്ന ചെലവു ചുരുക്കലിന്റെ ഭാഗമായി ശമ്പളം, പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കുക എന്നുള്ള നയത്തോട് ഈ ഗവൺമെന്റ് യോജിക്കുന്നുണ്ടോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ശമ്പളം വെട്ടിക്കുറച്ചിട്ടില്ല, പെൻഷൻ വെട്ടിക്കുറച്ചിട്ടില്ല, വെട്ടിക്കുറയ്ക്കണമെന്ന് തീരുമാനിച്ചിട്ടുമില്ല. നമ്മൾ കേന്ദ്ര ഗവൺമെന്റിന് കൊടുത്തിട്ടുള്ള ലെറ്റർ ഓഫ് എക്സ്ചേഞ്ചിൽ ഈ വക കാര്യങ്ങൾക്ക് പ്രസക്തി കൊടുത്തിട്ടില്ലായെന്ന് ഞാൻ നേരത്തേ പറഞ്ഞത് അതുകൊണ്ടാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, സെൻട്രൽ ഗവൺമെന്റിന്റെ പരിഷ്ക്കരണമൊന്നും ഇവിടെ നടപ്പിലാക്കുന്നില്ല, ഇത് നമ്മുടെതന്നെ പരിഷ്ക്കരണമാണ് എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഞാൻ ചോദിക്കുകയാണ്, നമ്മൾ എ.ഡി.ബി. യുമായിട്ടുള്ള കരാറിൽ ഏർപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നൽകിയിട്ടുള്ള ആജ്ഞയിൽ പെടുന്നതല്ലേ നിയമന നിരോധനം, പൊതുമേഖല സ്വകാര്യവത്കരിക്കൽ, ഇലക്ട്രിസിറ്റി റഗുലേറ്ററി അതോറിറ്റി നടപ്പിലാക്കൽ തുടങ്ങി ഇപ്പോൾ നിങ്ങൾ ചെലവു ചുരുക്കലിന്റെ പേരിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മറ്റ് കാര്യങ്ങൾ. ഈ നടപടി എ.ഡി.ബി.യുടേതാണെന്ന് തുറന്നു പറയാതെ സെൻട്രൽ ഗവൺമെന്റ്, 11-ാം ധനകാര്യ കമ്മിഷൻ എന്നെല്ലാം ഉരുണ്ടുകളി നടത്തുന്നത് അത് മറച്ചുവയ്ക്കുന്നതിനല്ലേ ? യഥാർത്ഥത്തിൽ അവരുമായിട്ടുള്ള കരാറിൽ അവരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചെലവുചുരുക്കലിന്റെ പേരിൽ ഈ നാടിനെ അധഃപതിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടിയല്ലേ നിങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത് ? സത്യം എന്താണെന്ന് തുറന്നുപറയൂ.

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇത് ചോദിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. 2001 ഫെബ്രുവരി 14-ലെ കത്താണ് ഇത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത് 2001 മേയിലാണ്. 11-ാം ധനകാര്യ കമ്മീഷന്റെ ചർച്ചകൾ കേന്ദ്ര ഗവൺമെന്റുമായി നടത്തിയിരുന്നു. എ.ഡി.ബി യും 11-ാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടും കേന്ദ്ര ഗവൺമെന്റിന്

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ഗവൺമെന്റ് അയച്ച ലെറ്റർ ഓഫ് എക്സ്ചേഞ്ചും തമ്മിൽ യാതൊരു ബന്ധവുമില്ല. എ.ഡി.ബി പിന്നീടാണ് വരുന്നത്. എ.ഡി.ബി യുമായിട്ടുള്ള ചർച്ച കഴിഞ്ഞ ഗവൺമെന്റ് തന്നെ തീരുമാനിച്ചതാണ്. ആ കത്ത് ഫെബ്രുവരി 14-ാം തീയതിയിലേതാണ്. അത് ഈ ഗവൺമെന്റിന് അയച്ചു തരുന്നത് മേയ് മാസത്തിലാണ്. അതിനു മുൻപ് എ.ഡി.ബി. പറയുന്നത് എങ്ങനെയാണ് ഈ ഗവൺമെന്റ് സ്വീകരിക്കാൻ പോകുന്നത്. ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിൽ പറഞ്ഞതും വൈറ്റ് പേപ്പറിൽ പറഞ്ഞതും ലെറ്റർ ഓഫ് എക്സ്ചേഞ്ചിൽ നമ്മൾ പറഞ്ഞിട്ടുള്ള പ്രധാനപ്പെട്ട കാര്യങ്ങൾ അംഗീകരിച്ചിട്ട്, ഇതും. എ.ഡി.ബി യുമായിട്ട് യാതൊരു ബന്ധവുമില്ല. എ.ഡി. ബി ലോൺ വാങ്ങിയിട്ടുണ്ട് എന്നത് ശരിയാണ്. അതിന്റെ വസ്തുതകളെല്ലാം പരസ്യപ്പെടുത്തിയിട്ടുണ്ട്. അതും ഇതുമായിട്ട് ബന്ധമില്ല.

ശ്രീ. വി. ഡി. സതീശൻ : സർ, കേരളത്തെ സംബന്ധിച്ചിടത്തോളം കേന്ദ്ര സംസ്ഥാന സാമ്പത്തിക ബന്ധങ്ങളിൽ ഏറ്റവും വലിയ സമീപകാല ദുരന്തം എന്ന് പറയുന്നത് കഴിഞ്ഞ ധനകാര്യ കമ്മീഷന്റെ തീരുമാനങ്ങളാണ്. അതിനുള്ള പ്രധാനപ്പെട്ട കാരണം, നമ്മുടെ സംസ്ഥാനത്തെ രൂക്ഷമായ തൊഴിലില്ലായ്മ ഉൾപ്പെടെയുള്ള പ്രൈം ഇഷ്യൂസ് അവരെ ബോദ്ധ്യപ്പെടുത്തുന്ന കാര്യത്തിൽ നമ്മുടെ സംസ്ഥാനം പരാജയപ്പെട്ടതാണ്. നമ്മുടെ സംസ്ഥാനത്തിന്റെ ഫെഡറൽ സ്വഭാവം നിലനിർത്തിക്കൊണ്ടു തന്നെ ഭരണപരമായ ബാദ്ധ്യതകൾ നിറവേറ്റേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനം തന്നെ പല പരിഷ്ക്കാര നടപടികളും സ്വീകരിച്ചു വരുകയാണ്. 11-ാം ധനകാര്യകമ്മീഷന്റെ മുന്നിൽ ആവശ്യമായ പരിഷ്ക്കാരങ്ങൾ സ്വീകരിച്ചുകൊണ്ട്, 11-ാം ധനകാര്യ കമ്മീഷന്റെ മുന്നിൽ നമ്മുടെ കേരളത്തിലെ പ്രശ്നങ്ങൾ യഥാർത്ഥത്തിൽ അവതരിപ്പിച്ചുകൊണ്ട്, പരിഷ്ക്കാരങ്ങൾക്കും നവീകരണ പരിപാടികൾക്കും എതിരായി മുഖം തിരിച്ചു നിൽക്കുന്ന സ്റ്റാലിനിസ്റ്റ് സമീപനം അവസാനിപ്പിക്കുന്നതല്ലേ നമ്മുടെ സംസ്ഥാനത്തിന് നല്ലത് എന്നാണ് എന്റെ ചോദ്യം.

ശ്രീ. കെ. ശങ്കരനാരായണൻ : സർ, അതുകൊണ്ടാണ് അവർ പറഞ്ഞ എം.ഒ.യു നമ്മൾ ഒപ്പിടാതെ ലെറ്റർ ഓഫ് എക്സ്ചേഞ്ച് നടത്തിയത്. കേരളത്തിന്റെ റസീപ്റ്റ്സ്., എക്സ്പെന്റിച്ചർ ഈ വക കാര്യങ്ങളൊക്കെയാണ് ഇതിൽ പ്രധാനമായിട്ടുള്ളത്. ഇത് വായിച്ചാൽ ഒരു അപകടം വരുന്നത് എന്താണെന്ന് വച്ചാൽ വെസ്റ്റ് ബംഗാളിന്റേതായിട്ടും കേരളത്തിന്റേതായിട്ടും വലിയ വ്യത്യാസമില്ല. ദി സ്റ്റേറ്റ് ഫിസ്ക്കൽ റിഫോംസ് ഫെസിലിറ്റി എന്നാണ് നമ്മൾ പറഞ്ഞിരിക്കുന്നത്. വെസ്റ്റ് ബംഗാൾ പറഞ്ഞിരിക്കുന്നത് അതിൽ കുറച്ചുകൂടി കടുപ്പമായിട്ടാണ്. അവർ തീരുമാനിക്കുന്ന കാര്യത്തിൽനിന്ന് കുറഞ്ഞ കാര്യങ്ങളിലേയ്ക്ക് മാത്രമേ സംഗതി പോയിട്ടുള്ളൂ. ജൂലൈ 16-ാം തീയതി 12-ാം ധനകാര്യ കമ്മീഷന്റെ ചെയർമാൻ വരുന്നുണ്ട്. അപ്പോൾ സംസ്ഥാന ഗവൺമെന്റ് അവരുമായി സംസാരിക്കുമ്പോൾ ഈ പറഞ്ഞ കാര്യങ്ങൾക്കുകൂടി ഊന്നൽ കൊടുത്തിട്ടായിരിക്കും സംസാരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, 2001 ജൂലായിലെ ധവളപത്രം, 2001 ആഗസ്റ്റിൽ ഒപ്പു വച്ച ഇലക്ട്രിസിറ്റിയുമായി ബന്ധപ്പെട്ട എം.ഒ.യു, ലറ്റർ ഓഫ് എക്സ്ചേഞ്ച് ഈ മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങൾ ഇവിടെ പറഞ്ഞു. അതിനുശേഷം ഫൈനാൻസ് സെക്രട്ടറി കേന്ദ്ര ഗവൺമെന്റിലെ സെക്രട്ടറിയുമായി ഒപ്പു വച്ച കരാർ. അത് ഇതിലൊക്കെ വരുന്നുണ്ട്. കൂടുതൽ അധിക സാമ്പത്തിക ബാദ്ധ്യത ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുകയാണ്. ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മിറ്റിയിൽ പ്രത്യേകമായി പറയുന്നത് ഗവൺമെന്റിന് ഒന്നും ചെയ്യാൻ കഴിയുന്നില്ല അവർ നിശ്ചയിക്കുന്നതുപോലെയാണെന്നാണ്. ഇങ്ങനെ അധിക സാമ്പത്തിക ബാദ്ധ്യത ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കപ്പെടുന്നത് ഒഴിവാക്കാൻ ഏതെങ്കിലും വിധത്തിലുള്ള നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആ നിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെന്റുമായി ചർച്ച ചെയ്തിട്ടുണ്ടോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, അതാണ് നേരത്തേ പറഞ്ഞത് 11-ാം ധനകാര്യ കമ്മീഷനിൽ അവർ ആവശ്യപ്പെട്ട കാര്യങ്ങൾ മുഴുവനും നമ്മൾ അംഗീകരിച്ചിട്ടില്ല. സംസ്ഥാന ഗവൺമെന്റിന് അംഗീകരിക്കാവുന്ന കാര്യങ്ങൾ മാത്രമേ അംഗീകരിക്കാൻ സാധിക്കുകയുള്ളൂ എന്ന് പറഞ്ഞിട്ടാണ് ഈ ലെറ്റർ ഓഫ് എക്സ്ചേഞ്ച് നടത്തിയത്.

ശ്രീ ആര്യാടൻ മുഹമ്മദ് : സർ, 11-ാം ധനകാര്യ കമ്മീഷന്റെ മുൻപിൽ പ്രധാനമായും പറഞ്ഞത് 1993-1994, 1994-1995, 1995-1996 എന്നീ സാമ്പത്തിക വർഷങ്ങളിലെ കേരളത്തിലെ സാമ്പത്തിക സ്ഥിതിയാണ്. അത് വളരെ ബെറ്ററായ കാലമായിരുന്നു എന്ന് റിസർവ് ബാങ്ക് പോലും പറഞ്ഞിട്ടുണ്ട്. അത് കണക്കിലെടുത്തുകൊണ്ടാണ് ഈ ഫോർമുലയനുസരിച്ച് നമുക്ക് 3,664 കോടി രൂപ കുറയാനുള്ള കാരണം. 11-ാം ധനകാര്യ കമ്മീഷന്റെ മുൻപിൽ അതിനു ശേഷമുള്ള സാമ്പത്തിക സ്ഥിതി ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞ ഗവൺമെന്റ് പരാജയപ്പെട്ടു. അത് വരാതിരിക്കാൻവേണ്ടി 12-ാം ധനകാര്യ കമ്മീഷന്റെ മുൻപിൽ യഥാർത്ഥത്തിലുള്ള ഇന്നത്തെ സാമ്പത്തിക സ്ഥിതിയും പറഞ്ഞപ്പോൾ 11-ാം ധനകാര്യ കമ്മീഷൻ സ്പെഷ്യൽ ഗ്രാന്റായി സംസ്ഥാനങ്ങൾക്ക് 15,000 കോടി രൂപയിൽപ്പരം നൽകി. അതിൽ വെസ്റ്റ് ബംഗാളിന് 3,600 കോടിയിലധികം രൂപ ലഭിച്ചു. അതുപോലെ സ്പെഷ്യൽ ഗ്രാന്റായി 12-ാം ധനകാര്യ കമ്മീഷനിൽ നിന്ന് ലഭ്യമാക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, 12-ാം ധനകാര്യ കമ്മീഷനുമായിട്ട് ഡിസ്ക്കസ് ചെയ്യാൻ പോകുന്നതിനു മുമ്പ് തന്നെ കേരളത്തിന്റെ ആവശ്യങ്ങൾക്ക് രൂപം കൊടുത്ത് അത് വച്ചുകൊണ്ട് ആയിരിക്കും സംസാരിക്കുന്നത്. പല കാര്യങ്ങളിലും നമുക്ക് ധനകാര്യ കമ്മീഷൻ പറയുന്നത് അംഗീകരിക്കാൻ പറ്റില്ല. ബഹുമാനപ്പെട്ട ശ്രീ. ആര്യാടൻ പറഞ്ഞ കാര്യത്തിന് മുൻഗണന കൊടുക്കാം. വെസ്റ്റ് ബംഗാൾ വാങ്ങിച്ചത് ശരിയാണ്. പക്ഷേ ഇതിൽ വരുന്ന ബുദ്ധിമുട്ട് എന്ന് പറയുന്നത്, റവന്യൂ റസീപ്റ്റും റവന്യൂ എക്സ്പെൻറിച്ചറും തമ്മിലുള്ള വ്യത്യാസമാണ്. വെസ്റ്റ് ബംഗാളിന്റെ ഒരു വർഷത്തെ ശമ്പളമെന്ന് പറയുന്നത് 10,000 കോടി രൂപയാണ്. റവന്യൂ ഡെഫിസിറ്റ് 8,000 കോടി രൂപ. അതുകൊണ്ട് നമ്മുടെ റവന്യൂ റസീപ്റ്റ് കൂട്ടി റവന്യൂ ഡെഫിസിറ്റ് കുറച്ച് 12-ാം ധനകാര്യ കമ്മീഷനോട് കൂടുതൽ ആനുകൂല്യം ചോദിക്കാൻ പരിശ്രമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ : സർ, എനിക്ക് അങ്ങയോട് ഒരു അഭ്യർത്ഥനയുണ്ട്. മന്ത്രിമാർ ഇവിടെ മറുപടി പറയുമ്പോൾ പരസ്പരവിരുദ്ധമായി മറുപടി പറയാതിരിക്കാൻ ശ്രദ്ധിക്കണം. ചൗധരി കമ്മീഷൻ റിപ്പോർട്ട് ക്യാബിനറ്റ് അംഗീകരിച്ച് ഗവൺമെന്റ് ജി. ഒ ആക്കുകയും അതാണ് പിൻതുടരുന്നതെന്നും കഴിഞ്ഞ ദിവസം എനിക്ക് മറുപടി തന്നു. ഇപ്പോൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. പി. ജയരാജന് കൊടുത്ത മറുപടി, "അതേക്കുറിച്ച് പഠിച്ചിട്ടില്ല, അത് പരിശോധനയിലിരിക്കുന്നു" എന്നാണ്. എന്റെ ചോദ്യം, അങ്ങ് തന്നിരിക്കുന്ന മറുപടിയിൽ പറഞ്ഞിരിക്കുന്നത് കേന്ദ്ര സർക്കാരിന്റെ ഇടക്കാല സാമ്പത്തിക പരിഷ്ക്കാരങ്ങൾ സംസ്ഥാന മേഖലയിൽ നടപ്പിലാകുന്നില്ല. എന്നാൽ സാമ്പത്തികം, ഊർജ്ജം, പൊതുമേഖല എന്നീ മേഖലകളിൽ കേരളത്തിന്റെ ഇടക്കാല സാമ്പത്തിക പരിഷ്ക്കാരങ്ങൾ കേരള സർക്കാർ നടപ്പിലാക്കുന്നു എന്നാണ്. അതിൽ ഊർജ്ജത്തെക്കുറിച്ചും പൊതുമേഖലകളെക്കുറിച്ചും ഇവിടെ പറഞ്ഞു കഴിഞ്ഞു. ഞാൻ അതിലേക്ക് പോകുന്നില്ല. എന്നാൽ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ കണ്ടീഷനെ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചോദിച്ചപ്പോൾ, അങ്ങ് സത്യം പറയണമെന്ന് പറഞ്ഞപ്പോൾ വേറെ ചില കാര്യങ്ങളാണ് പറഞ്ഞത്. ബംഗാളിലെ കാര്യങ്ങൾ ചിലർ പറഞ്ഞു. ഇവിടെ നിയമസഭയുണ്ട്. ഈ നിയമസഭയിൽ ഇവിടുത്തെ കാര്യങ്ങൾ ചർച്ച ചെയ്യുകയാണെങ്കിൽ അതിനകത്ത് പറഞ്ഞിരിക്കുന്നത് ധനകാര്യ മാനേജുമെന്റിന്റെ അപ്ഗ്രഡേഷനെ സംബന്ധിച്ചും അങ്ങ് നടപ്പിലാക്കുന്ന പരിഷ്ക്കാരങ്ങളെക്കുറിച്ചുമാണ്. ഭരണകക്ഷിയിലുള്ളവരിൽ നിന്ന് ഉൾപ്പെടെ ജനാധിപത്യ സംവിധാനത്തിന്റെ അധികാരങ്ങൾ എടുത്തു മാറ്റുകയും ബ്യൂറോക്രസിക്ക് കൂടുതൽ അധികാരങ്ങൾ കൊടുക്കുകയും ചെയ്യുന്നു എന്ന വ്യാപകമായ ആരോപണം ഉയർന്നു വന്നിരിക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് തിരുത്താനും എ.ഡി.ബി നിർദ്ദേശത്തെ സംബന്ധിച്ചുള്ള ബ്യൂറോക്രസിക്ക് അധികാരം കൊടുക്കുന്ന പരിഷ്ക്കാരങ്ങളിൽ നിന്ന് പിൻമാറുന്നതിനും ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, എനിക്ക് സത്യമല്ലേ പറയാൻ പറ്റുകയുള്ളൂ. അങ്ങയുടെ അഭിപ്രായത്തോട് എനിക്ക് എങ്ങനെയാണ് യോജിക്കാൻ പറ്റുന്നത് ? ചെയ്ത കാര്യങ്ങളെക്കുറിച്ചല്ലേ എനിക്ക് പറയാൻ പറ്റുകയുള്ളൂ. ബ്യൂറോക്രസിയുടെ കാര്യം ഇപ്പോൾ പറയേണ്ടതല്ല.

ശ്രീ. എം. എ. വാഹീദ് : സർ, കേന്ദ്ര സർക്കാരിന്റെ ഇടക്കാല സാമ്പത്തിക പരിഷ്ക്കാരങ്ങൾ കേരളത്തിൽ നടപ്പിലാക്കാനുണ്ടായ സാഹചര്യം 10-ാം ധനകാര്യ കമ്മീഷനെ ഇടതു പക്ഷജനാധിപത്യമുന്നണി സർക്കാർ ബോദ്ധ്യപ്പെടുത്താതെ പോയതുകൊണ്ടും നമ്മുടെ ട്രഷറിബാനും ഖജനാവ് കാലിയായതും കൊണ്ടല്ലേ എന്നാണ് എന്റെ ചോദ്യം.

ശ്രീ. കെ. ശങ്കരനാരായണൻ : സർ, അതും ഇതുമായി ബന്ധമുള്ള കാര്യമല്ല. അതായത് ഇത് 11-ാം ധനകാര്യ കമ്മീഷനും ധനകാര്യ കമ്മീഷനിൽ എടുത്തിട്ടുള്ള തീരുമാനങ്ങളും അതിന്റെ നടപ്പാക്കലുമാണ്. ഒരു കാര്യം വളരെ ഉറപ്പാണ്. ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചത് ശരിയാണ്. നമ്മുടെ ട്രഷറിയും സാമ്പത്തിക സ്ഥിതിയും വളരെ മോശമായിരുന്നു. അതിന്റേതായ ബുദ്ധിമുട്ടുകളും ആ കാലഘട്ടത്തിൽ വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ബാലൻ : സർ, 11-ാം ധനകാര്യ കമ്മീഷൻ നമ്മുടെ സംസ്ഥാനത്തിന്റെ ന്യായമായ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല എന്ന് ഇവിടെ ചിലർ പറഞ്ഞു. യഥാർത്ഥത്തിൽ നമ്മുടെ താൽപ്പര്യം മാത്രമല്ല, 12 സംസ്ഥാനങ്ങളുടെ സാമ്പത്തിക താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെട്ടിട്ടില്ല എന്നുള്ളത് ഇന്ന് വെളിവായ കാര്യമാണ്. മെമ്മോറാണ്ടം കൊടുത്ത ആളുകളുടെ നൈപുണ്യക്കുറവു കൊണ്ടാണ് എന്നുള്ളത് ശരിയാണ്. മറ്റൊരു കാര്യം പറഞ്ഞാൽ, ഇവിടെ കേരള ഗവൺമെന്റ് നടപ്പിലാക്കാൻപോകുന്ന ഇടക്കാല പരിഷ്ക്കാരത്തിൽ ഇന്ന് കൃഷിക്കാർക്ക് കൃഷി ആവശ്യത്തിലേയ്ക്ക് ലഭിക്കുന്ന കറണ്ടിനുള്ള സൗജന്യമായ നിരക്ക് ഇല്ലാതാക്കുന്നതിനെ സംബന്ധിച്ച് വല്ല നിർദ്ദേശവും ഗവൺമെന്റ് പരിഗണിക്കുന്നുണ്ടോ ?

ശ്രീ. കെ.ശങ്കരനാരായണൻ : സർ, 11-ാം ധനകാര്യ കമ്മീഷന്റെ കാര്യത്തിൽ 12 സംസ്ഥാനങ്ങൾ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഇൻഡ്യാ ഗവൺമെന്റ് മുഴുവൻ അംഗീകരിച്ചിട്ടില്ല എന്ന് പറയുന്നത് ശരിയാണ്. അതിൽ കേരളവും ഉൾപ്പെടുന്നു. പക്ഷേ ചോദിച്ച ഒരുചോദ്യം കൃഷിക്കാർക്ക് കൊടുക്കുന്ന ആനുകൂല്യത്തിൽ കുറവു വരുമോ എന്നുള്ളതാണ്. അതിൽ കുറവു വരുത്തുന്ന കാര്യം ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

ശ്രീ. എ. സുജനപാൽ : സർ, കഴിഞ്ഞ ഗവൺമെന്റിൽ നിന്നും വ്യത്യസ്തമായിട്ടുള്ള ഒരു സാമ്പത്തിക നയം ആവിഷ്ക്കരിച്ചതുകൊണ്ടാണ് ഈ രണ്ടു വർഷക്കാലത്തിനുള്ളിൽ കേരളത്തിന്റെ സമ്പദ്ഘടനയിൽ കാര്യമായ മാറ്റം ഉണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചത്. സാമ്പത്തിക രംഗത്ത് ഈ പുതിയ സാമ്പത്തിക നയം ആവശ്യമാണ്. ഈ പുതിയ പരിഷ്ക്കാരം കൊണ്ടുവരുന്ന സമയത്ത് കേന്ദ്ര ഗവൺമെന്റിന്റെയും എ.ഡി.ബി. പോലുള്ള ധനകാര്യ സ്ഥാപനങ്ങളുടെയുമൊക്കെ ഉപദേശങ്ങളും നിർദ്ദേശങ്ങളും ഗവൺമെന്റിന് കിട്ടിയിട്ടുണ്ടാകും. അതിന് കാലോചിതമായ മാറ്റം നമ്മുടെ സംസ്ഥാനത്ത്, സാമ്പത്തിക രംഗത്ത്, അനിവാര്യമാണ്. ഈ സാഹചര്യത്തിൽ എന്തെല്ലാം പുതിയ സാമ്പത്തിക പരിഷ്ക്കാരങ്ങളാണ് ഈ ഗവൺമെന്റ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഫിസ്ക്കൽ റിഫോംസിൽ പറഞ്ഞിട്ടുള്ളത് നമ്മുടെ വരുമാനം കൂട്ടണം, ചെലവ് ചുരുക്കണം, അത് എല്ലാം വൈറ്റ്പേപ്പർ പറയുന്നുണ്ട്. ധനകാര്യ കമ്മീഷൻ റിപ്പോർട്ടു കൊടുക്കുമ്പോഴും ജനറലായിട്ട് കുറേ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. സാമ്പത്തിക പരിഷ്ക്കരണങ്ങളെക്കുറിച്ച് വിശദമായി പറയണമെങ്കിൽ കുറച്ചധികം സമയം വേണം.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, അങ്ങ് മറുപടി പറഞ്ഞപ്പോൾ ഈ സാമ്പത്തിക പരിഷ്ക്കാരങ്ങൾ ആരോഗ്യം, ഊർജ്ജം, ഭക്ഷ്യം മുതലായ മേഖലകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു എന്നുപറഞ്ഞു. ഇതിന്റെ ഭാഗമായിട്ടാണോ കഴിഞ്ഞ കുറെ കാലമായിട്ട് ഭക്ഷ്യ മേഖലയിൽ കൊടുത്തിരിക്കുന്ന സബ്സിഡി നിർത്തലാക്കിയത്. അതുപോലെ സേവന മേഖലകളിൽ, ആരോഗ്യം, ഊർജ്ജം പോലുള്ള മേഖലകളിൽ കൊടുത്തുകൊണ്ടിരുന്ന സബ്സിഡി നിർത്തലാക്കിയത് ഈ പരിഷ്ക്കരണത്തിന്റെ ഭാഗമായിട്ടാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ : സർ, കേരളത്തിൽ അത് കാര്യമായിട്ട് കുറച്ചിട്ടില്ലല്ലോ !

ശ്രീ. സി. കെ. നാണു : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞപ്പോൾ പശ്ചിമബംഗാളും, കേരളവും എം.ഒ.യു. ഒപ്പിട്ടിട്ടില്ല എന്നുപറഞ്ഞു, കേരളത്തിന്റെ ഏത് പ്രധാനപ്പെട്ട താൽപ്പര്യങ്ങളെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റുമായി സംസാരിച്ച അവസരത്തിലാണ്, കേരളത്തിന്റെ ഏത് താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ സാധിക്കുന്നില്ല എന്നതുകൊണ്ടാണ് എം.ഒ.യു. ഒപ്പിടാതിരുന്നത്.

ശ്രീ. കെ. ശങ്കരനാരായണൻ : സർ, പതിനൊന്നാം ധനകാര്യ കമ്മീഷനിൽ ഇൻഡ്യാ ഗവൺമെന്റ് പറഞ്ഞിട്ടുള്ള റിഫോംസ് പല സംസ്ഥാന ഗവൺമെന്റുകളും അംഗീകരിക്കാൻ തയ്യാറായില്ല. അപ്പോൾ എം.ഒ.യു. ഒപ്പിടുന്നതിനു പകരം നമുക്ക് നമ്മുടേതായിട്ടുള്ള സാമ്പത്തിക പ്രശ്നങ്ങൾ മുൻനിർത്തി, നമ്മുടേതായിട്ടുള്ള ആവശ്യങ്ങൾ മുൻനിർത്തി നമ്മൾ ഒരു ലറ്റർ ഓഫ് എക്സ്ചേഞ്ച് നടത്തി എന്നുമാത്രമേയുള്ളൂ വ്യത്യാസം.

ശ്രീ. കെ. എ. ചന്ദ്രൻ : സർ, കേന്ദ്രസർക്കാർ ഇടക്കാല സാമ്പത്തിക പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതിൽ കാർഷിക കടങ്ങൾക്ക് സബ്സിഡി നൽകുന്നതുൾപ്പെടെ നിർത്തൽ ചെയ്യാൻ നിർദ്ദേശിക്കുകയുണ്ടായി. നമുക്ക് നമ്മുടെ കേരളവും കേരളത്തിലെ കാർഷിക കാര്യങ്ങളും നന്നായിട്ട് അറിയാവുന്നതാണ്. കാർഷിക കടങ്ങൾക്ക് ചെറുതെങ്കിലും ഒരു ആശ്വാസം കഴിഞ്ഞ കാലത്ത് കണ്ടത് യഥാസമയം വാങ്ങിയ വായ്പ തിരിച്ചുകൊടുക്കുമ്പോൾ പലിശ സബ്സിഡി കൊടുത്തപ്പോഴാണ്. അത് കേന്ദ്രസർക്കാരിന്റെ നിർദ്ദേശാനുസരണം നിർത്തൽ ചെയ്തത് പുനഃപരിശോധിച്ച് നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

മി. സ്പീക്കർ : അടുത്ത ചോദ്യവും അതുതന്നെയാണ്.

ഡോ. കെ. സി. ജോസഫ് : സർ, കേന്ദ്ര ഗവൺമെന്റിന്റെ ഇടക്കാല സാമ്പത്തിക പരിഷ്ക്കാരങ്ങൾ പൂർണ്ണമായി ഇവിടെ നടപ്പിലാക്കിയില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഭാഗീകമായ ഭേദഗതികളോടുകൂടി നടപ്പിലാക്കിയ പരിഷ്ക്കാരങ്ങൾ ഏത് ; അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ, അതുപോലെ ജനങ്ങൾക്ക് കൂടുതൽ അധികഭാരം ഏൽപ്പിക്കുന്ന യൂസർ ചാർജ്ജ് പോലുള്ള നടപടികളും, കാർഷിക മേഖലകൾക്കുള്ള സബ്സിഡികൾ നിഷേധിക്കുന്നതും ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിലാക്കിയില്ല എന്ന് ഉറപ്പായി പറയുവാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ: സർ, ഇത് ജനറലായിട്ടുള്ള ഒരു ക്വസ്റ്റ്യനാണ്. ഏതെല്ലാം മേഖലയിൽ എന്തെല്ലാം ചെയ്യാം എന്നുള്ളത് ജനറലായിട്ടുള്ള ഒരു ക്വസ്റ്റ്യനാണ്. നമുക്ക് ഇതിന് പോയിന്റ് ബൈ പോയിന്റായിട്ടേ പറയാൻ പറ്റൂ. അത് ജനറലായിട്ട് പറയാൻ പറ്റില്ല.